പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1807

05.12.2014-ൽ
മറുപടിക്ക്

## സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം.പാലിശ്ശേരി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതമായി 2014-15 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് ; | എ) 2014-15 സാമ്പത്തിക വർഷം 2595.59 കോടി രൂപ വകയിരുത്തി. |
| ബി) ഇതിൽ എത്ര കോടി രൂപ ഇതുവരെ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചു നൽകി ; | ബി) ഗ്രാമപഞ്ചായത്തുകൾക്ക് 1524.11 കോടി രൂപ അനുവദിച്ചു നൽകി. |
| സി) അനുവദിച്ചുനൽകിയ തുകയിൽ എത്ര കോടി രൂപ ഗ്രാമപഞ്ചായത്തുകൾ ഇതേവരെ ചെലവഴിച്ചു ; വിശദമാക്കാമോ; | സി) ഗ്രാമപഞ്ചായത്തുകൾ 802.97 കോടി രൂപ ചെലവഴിച്ചു. |
| ഡി) ഇത് പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; | ഡി) 30.93% |
| ഇ) സാമ്പത്തിക വർഷം അവസാനിക്കാറായതു കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തുകൾ യഥാസമയം | ഇ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ എല്ലാ ജില്ലകളിലെയും സെക്രട്ടറിമാരുടെ അവലോകനയോഗം വിളിച്ചുചേർത്ത് |

പദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ ?

പദ്ധതി പുരോഗതി വിലയിരുത്തുന്നു. കൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ വിവിധ ജില്ലകളിൽ സെക്രട്ടറിമാരുടെ അവലോകന യോഗം നടത്തിവരുന്നു. എല്ലാ ബുധനാഴ്ചകളിലും ചേരുന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗത്തിൽ പദ്ധതി പുരോഗതി വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ